**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1419** — **11-06-2019 ൽ മറുപടിക്ക്**

## പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാട്ടക്കാലാവധി കഴിഞ്ഞിട്ടും സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന കോടികൾ വിലമതിക്കുന്ന റവന്യൂ ഭൂമി തിരിച്ചെടുക്കുന്നതിനും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ പാട്ടകുടിശ്ശിക കണക്കാക്കാനും ടി കക്ഷികളെ നിയമാനുസൃണം നോട്ടീസ് നൽകി നേരിൽ കേൾക്കുന്നതിനും, പാട്ട കുടിശ്ശിക ഈടാക്കി പാട്ടം പുതുക്കുന്നതിനും ടി കക്ഷികൾ വിസമ്മതിക്കുന്ന പക്ഷം പാട്ടം റദ്ദ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. അപ്രകാരമുള്ള പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ നടന്നു വരുന്നു. |
| (ബി) പാട്ടക്കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുക എത്രയാണെന്ന് അറിയിക്കാമോ; | (ബി) സ്ഥാപനങ്ങളും സംഘടനകളും പാട്ടയിനത്തിൽ കുടിശ്ശികവരുത്തിയ തുക 1155 കോടിയെന്നും കണക്കാക്കിയിട്ടുണ്ട്. |
| (സി) പാട്ടക്കുടിശ്ശിക ഈടാക്കുവാൻ സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുവാൻ ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണർ കൺവീനറായി ഒരു സമിതി രൂപീകരിച്ചിരുന്നോ; എങ്കിൽ പ്രസ്തുത സമിതിയുടെ ശുപാർശകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇവ നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ? | (സി) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി സമർപ്പിച്ച ശിപാർശകൾ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**